**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2794** | **13-03-2020 ൽ മറുപടിക്ക്**

**ഭൂമി കൈയ്യേറ്റം തടയുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.യു. ആർ. പ്രദീപ്<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.കെ.യു. ജനീഷ് കുമാർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സർക്കാർ വക ഭൂമിയുടെ കൈയ്യേറ്റം തടയുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) സർക്കാർ വക ഭൂമിയിലെ കൈയ്യേറ്റം തടയുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957 ഉം 1958-ലെ അനുബന്ധ ചട്ടത്തിലെയും 2009 ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൈയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ജില്ലാ തലത്തിലും, താലൂക്ക് തലത്തിലും മോണിറ്ററിങ് സെൽ രൂപീകരിച്ചിട്ടുള്ളതും ഈ ടീം വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വെയറുടെ സഹായത്തോടെ പൊതു അവധി ദിവസങ്ങളിൽ ഉൾപ്പെടെ സ്ഥല പരിശോധനകൾ നടത്തി അതിർത്തി കല്ലുകൾ സ്ഥാപിച്ച് കൈയ്യേറ്റം തടയുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതും കൈയ്യേറ്റം കണ്ടെത്തുന്ന പക്ഷം അത്തരം കൈയ്യേറ്റങ്ങൾ സമയബന്ധിതമായി തന്നെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. ടി സർക്കാർ ഉത്തരവിൻ പ്രകാരം കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിലാക്കുന്നതിലേയ്ക്കായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ മറ്റ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ സ.ഉ (സാധാ) 3778/18/റവ തീയതി 10.09.2018 പ്രകാരം രൂപീകരിച്ചിട്ടുള്ള മോണിറ്ററിങ് സെൽ വഴിയും തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ജാഗ്രതാ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ; | (ബി) | കൈയ്യേറ്റം കണ്ടെത്തി ഒഴിപ്പിക്കുന്നതിലേയ്ക്കായി ജില്ലാതലത്തിലും താലൂക്ക് തലത്തിലും സ്ക്വാഡുകൾ രൂപീകരിച്ചിട്ടുള്ളതും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വെയറുടെ സഹായത്തോടെ പൊതു അവധി ദിവസങ്ങളിൽ ഉൾപ്പെടെ സ്ഥല പരിശോധന നടത്തി സർക്കാർ ഭൂമിയിലെ കൈയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) | കൈയ്യേറ്റങ്ങൾ തടയുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം കർശന നടപടികളാണ് സ്വീകരിച്ചു വരുന്നത്; | (സി) | സർക്കാർ ഭൂമിയിലെ കൈയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കടുത്ത ശിക്ഷാ നടപടികളാണ് സർക്കാർ ഗസറ്റ് വിജ്ഞാപനം 1843 ആയി 07.10.2009 ൽ പ്രസിദ്ധപ്പെടുത്തിയ 2009 ലെ ആക്ട് 29-ൽ സെക്ഷൻ 7 (സി)ആയി നിഷ്കർഷിച്ചിട്ടുള്ളത്. ആയത് പ്രകാരം ഇത്തരം കൈയ്യേറ്റങ്ങൾ യഥാസമയം റിപ്പോർട്ട് ചെയ്യുവാനോ/നടപടി സ്വീകരിക്കുവാനോ വീഴ്ച വരുത്തുന്ന പക്ഷം അത്തരം ഉദ്യോഗസ്ഥർ 3 വർഷത്തിൽ കുറയാത്തതും എന്നാൽ 5 വർഷംവരെ യാകാവുന്നതുമായ തടവിനോ 50,000/- രൂപ മുതൽ 2 ലക്ഷംവരെയാകാവുന്ന പിഴ ഒടുക്കുവാനോ ബാധ്യസ്ഥരാകുന്നതാണ്. |
| (ഡി) | റവന്യൂ വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ? | (ഡി) | റവന്യൂ വകുപ്പിലെ അഴിമതി നിയന്ത്രിക്കുന്നതിലേയ്ക്കായി മൂന്ന് വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാർക്ക് ഉത്തരമേഖല/ മദ്ധ്യമേഖല/ ദക്ഷിണമേഖല എന്നീ മൂന്ന് മേഖലകളായി തിരിച്ച് ചുമതല നൽകിയിട്ടുള്ളതാണ്. അഴിമതി രഹിത ഭരണ നിർവ്വഹണത്തിനു വേണ്ടി സർക്കാർ നിർദ്ദേശ പ്രകാരമുള്ള നോട്ടീസുകൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഫോൺ നമ്പരുകൾ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ഉദ്യോഗസ്ഥരുടെ ഫോൺ നമ്പരുകൾ ഓഫീസ് മേൽ വിലാസം എന്നിവ കളക്ടറേറ്റ്, താലൂക്ക്, വില്ലേജ് ആഫീസുകൾ ഉൾപ്പെടെയുള്ള മുഴുവൻ റവന്യൂ ആഫീസുകളിലേയും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുകയും |

കൂടാതെ പൊതു ജനങ്ങൾക്ക് കാര്യക്ഷമമായും അഴിമതിരഹിതവുമായ സേവനം നൽകുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഗവൺമെന്റ് ഉത്തരവുകൾ ലാൻഡ് റവന്യൂ കമ്മീഷണറുടെ സർക്കുലറുകൾ എന്നിവ പ്രാവർത്തിക മാക്കുന്നുണ്ടോ എന്ന് കൂടി വിജിലൻസ് വിഭാഗം പരിശോധനാ വിധേയമാക്കിവരുന്നു.

ലാൻഡ് റവന്യൂ കമ്മീഷണർ, വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാരുടെ യോഗം കൂടി വിജിലൻസ് ആഫീസുകളിലെ ഫയലുകളിലെ അന്വേഷണ പുരോഗതി വിലയിരുത്തി വരുന്നതും എല്ലാ മാസവും വിവിധ ജില്ലകളിൽ കുറഞ്ഞത് 10 വില്ലേജ് ആഫീസുകളിലെങ്കിലും ആകസ്മിക പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചതിൻപ്രകാരം വിജിലൻസ് വിഭാഗം അപ്രകാരം പരിശോധന നടത്തിവരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**